**File No.: GE-DA2/377/2023-G.EDN**

"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ശ്രീ.ഷിഹാബുദ്ദീൻ.എൻ എച്ച്.എസ്സ്.എസ്സ്.ടി (അറബിക്), ജി.എച്ച്.എസ്സ്.എസ്സ് , അരിക്കോട്, മലപ്പുറം- അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിനായി പൊതു വിദ്യാഭ്യാസ (ഹയർ സെക്കൻഡറി) അക്കാദമിക് വിഭാഗം ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.4507/2025/GEDN തീയതി,തിരുവനന്തപുരം, 08-07-2025

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 07/10/2023 ലെ എഡിസി 1 /244135/2022/ഡിജിഇ നം.കത്ത്
2. 25/03/2024ലെ സ.ഉ(സാധാ) നം 2411/2024/പൊവിവ
3. 25/03/2024ലെ GE-DA2/377/2023-G.EDN നം കുറ്റപത്രവും കുറ്റാരോപണ പത്രികയും
4. ശ്രീ.ഷിഹാബുദ്ദീൻ.എൻ സമർപ്പിച്ച 06/08/2024 ലെ പ്രതിവാദ പത്രിക
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 10/03/2025-ലെ HSE/12115/2024-Ad C1 നം.കത്ത്

**ഉത്തരവ്**

മലപ്പുറം അരീക്കോട് ഗവ.ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി അറബിക് അദ്ധ്യാപകനായ ശ്രീ.ഷിഹാബുദ്ദീൻ എൻ-നെ നിയമപരമായ അനുമതിയോ, രേഖകളോ ഇല്ലാതെ ചതി ചെയ്യണമെന്ന ഉദ്ദേശത്തോടെ പൊതുജനങ്ങളിൽ നിന്നും വസ്തുവിന്റെ ആധാരങ്ങൾ, മുദ്രപത്രങ്ങൾ, ചെക്ക് ലീഫുകൾ എന്നിവ ഈടായി സ്വീകരിച്ച് പണം കടം കൊടുത്ത്, പണം വാങ്ങിയ ആളുകളുടെ സ്വത്തുക്കൾ ചതിയാൽ കൈവശപ്പെടുത്തി, തനിക്ക് അന്യായ ലാഭവും പൊതുജനങ്ങൾക്ക്

അന്യായമായ നഷ്ടവും ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടെ പണം പലിശയ്ക്ക് നൽകി എന്ന കാരണത്താൽ 14/06/2022 തീയതി 21.00 മണിക്ക് ക്രൈം നം 351/2022 പ്രകാരം U/s 420 IPC, 3r/w 17 കേരള മണി ലെൻഡേഴ്സ് ആക്ട് കേസിലേയ്ക്ക് പോലീസ് അറസ്റ്റ് ചെയ്യുകയും, 15/06/2022 ന് ബഹുമാനപ്പെട്ട മഞ്ചേരി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കുകയും ചെയ്തതായി അരീക്കോട് സബ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. 1960 ലെ Kerala Government Servant Conduct Rules (16), 1958-ലെ Kerala Money Lenders Act എന്നിവയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഷിഹാബുദ്ദീനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്കു കീഴിൽ നിർദ്ദേശിക്കപ്പെട്ടതു പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന് ചാർജ്ജ് മെമ്മോ, ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് എന്നിവ നൽകിയതായി പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഗസറ്റഡ് ഉദ്യോഗസ്ഥർക്കെതിരെ മേജർ ശിക്ഷയ്ക്കുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായതിനാൽ പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ച നടപടി റദ്ദ് ചെയ്തിരുന്നു.

2.തുടർന്ന് ടിയാനെതിരെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (3) പ്രകാരം ടിയാന് കുറ്റപത്രം , കുറ്റാരോപണ പത്രിക എന്നിവ നല്കിയിരുന്നു. ആയതിന് ടിയാൻ പരാമർശം(4) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ ടിയാൻ കുറ്റപത്രത്തിലെ ചാർജ്ജുകൾ നിഷേധിച്ചിരുന്നു. അധ്യാപകൻ എന്ന നിലയിൽ ടിയാന്റെ ഭാഗത്ത് നിന്ന് വീഴ്ചകൾ വന്നിട്ടുണ്ടെന്നും ടിയാനെതിരെ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) കുറ്റപത്രത്തിന്മേൽ പരാമർശം (4) പ്രകാരം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാലും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (5) ലെ ശുപാർശ പരിഗണിച്ചും ശ്രീ.ഷിഹാബുദ്ദീൻ.എൻ നെതിരെ 1960-ലെ കെ.സി.എസ്&സി.സി.എ റൂൾ 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിനും ആയതിന്റെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ (ഹയർ സെക്കൻഡറി) അക്കാദമിക് വിഭാഗം ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനകം റിപ്പോർട്ട് സർക്കാരിലേക്ക്

സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കൻഡറി വിഭാഗം, തിരുവനന്തപുരം
2. ജോയിന്റ് ഡയറക്ടർ (അക്കാദമിക്) ,ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, തിരുവനന്തപുരം (പരാമർശം 3,4 സഹിതം)
3. ശ്രീ.ഷിഹാബുദ്ദീൻ.എൻ, എച്ച്.എസ്സ്.എസ്സ്.ടി (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
5.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
6. വെബ് കെറെ്റ്സ്/ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 09-07-2025 10:34:11
സെക്ഷൻ ഓഫീസർ

പകർപ്പ് -
ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്